**(URGENT TIME LIMIT)**
**By Registered with A/D**

SH (3)28[illegible]/2019

കാർഷിക വികസന കർഷക ക്ഷേമ -
വകുപ്പ് ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം. തീയതി. 25.08.2020.

പ്രേക്ഷിതൻ

ഡയറക്ടർ
കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്
തിരുവനന്തപുരം

സ്വീകർത്താവ്

സർ,

വിഷയം :- കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് - ജീവനക്കാര്യം - പാർട്ട് ടൈം സ്വീപ്പർ തസ്തികയിലെ ഒഴിവിലേയ്ക്ക് അഭിമുഖം നടത്തുന്നത് അറിയിപ്പ് നല്കുന്നത്- സംബന്ധിച്ച്.

സൂചന :- (1) GO(P) 501/2005/ഫിൻ തീയതി.25/11/2005
(2) തിരുവനന്തപുരം ജില്ലാ എംപ്ലോയ്മെന്റ് ആഫീസറുടെ 09.01.2020-ലെ സി (2)/പി.റ്റി-70/2019 നമ്പർ കത്ത്.
(3) കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ 13.07.2020-ലെ ഇതേ നമ്പർ ഉത്തരവ്.

* * * * *

കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയക്ടറേറ്റിൽ നിലവിലുള്ള ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തികയിലെ ഒഴിവിലേയ്ക്ക് നിയമനം നടത്തുന്നതിന് ഉപരി സൂചന (2) പ്രകാരം തിരുവനന്തപുരം ജില്ലാ എംപ്ലോയ്മെന്റ് ആഫീസിൽ നിന്നും അർഹരായ ഉദ്യോഗാർത്ഥികളുടെ വിവരങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. ആയതിനാൽ പ്രസ്തുത തസ്തികയിലെ യോഗ്യരായ ഉദ്യോഗാർത്ഥികളെ കണ്ടെത്തുന്നതിന് ഒരു അഭിമുഖം 15.09.2020-രാവിലെ 11 മണിക്ക് നടത്തുവാൻ സൂചന (3) പ്രകാരം തീരുമാനിച്ചിട്ടുണ്ട്.

പ്രസ്തുത അഭിമുഖത്തിൽ പങ്കെടുക്കുന്നതിലേക്കായി താങ്കളുടെ യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ അസൽ സഹിതം 15.09.2020 തീയതി രാവിലെ 11 മണിക്ക് കാർഷിക

വികസന കർഷക ക്ഷേമ വകുപ്പ് ഡയക്ടറേറ്റിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ ചേമ്പറിൽ നേരിട്ട് ഹാജരാകുന്നതിന് നിർദ്ദേശിക്കുന്നു.

വിശ്വസ്തതയോടെ.

SENIOR ADMINISTRATIVE OFFICER
Directorate of Agriculture
Vikas Bhavan

കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്
ഡയറക്ടർക്കു വേണ്ടി.

പകർപ്പ് :- (1) കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ പി.എ.യ്ക്ക്.

(2) സീനിയർ ഫിനാൻസ് ആഫീസറുടെ സി.എയ്ക്ക്.

(3) ലാ ഓഫീസറുടെ സി.എയ്ക്ക്.

(4) സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസറുടെ സി.എയ്ക്ക്.

(5) സെക്യൂരിറ്റി ഓഫീസർ. വികാസ് ഭവൻ.

(6) കൃഷി ഡെപ്യൂട്ടി ഡയറക്ടർ (ഐ.റ്റി) - പ്രസിദ്ധീകരിക്കുന്നതിന്.

(7) ശ്രീ.അജിമോൻ.എൻ.ജി.(ഒ.എ) ശ്രീ.രഞ്ജിത്ത്.വി.വി. (ഒ.എ)
(എന്നിവർ 15.09.2020-ന് മുമ്പ് ഉദ്യോഗാർത്ഥികൾക്കായുള്ള ഇരിപ്പിടങ്ങൾ Record section-നു സമീപം സജ്ജീകരിക്കേണ്ടതാണ്. ടി ജീവനക്കാർ ടി ദിവസം ഓഫീസിൽ ഹാജരാകേണ്ടതാണ്.)

(8) ഈ കാര്യാലയത്തിലെ ഡ്യൂപ്ലിക്കേറ്റിംഗ് ഓപ്പറേറ്റർമാരായ ശ്രീ.രാജീവൻ, ശ്രീ.ബാബു കുമാർ എന്നീ ഉദ്യോഗസ്ഥർ 14.09.2020 രാവിലെ 9.30-ന് ഓഫീസിൽ ഹാജരാകേണ്ടതാണ്.

*[ ഉദ്യോഗാർത്ഥികൾക്കായുള്ള പ്രത്യേക നിബന്ധനകൾ ]*

1. അഭിമുഖത്തിന് കത്ത് ലഭിച്ചവർ മാത്രമെ ഈ ഓഫീസിലേക്ക് പ്രവേശിക്കാൻ പാടുള്ളൂ. കൂടെയുള്ളവർ യാതൊരു കാരണവശാലും ഓഫീസിനകത്ത് പ്രവേശിക്കാൻ പാടുള്ളതല്ല. വികാസ് ഭവന് പുറത്ത് കാത്തുനില്ക്കേണ്ടതാണ്.
2. അഭിമുഖത്തിന് വരുന്ന ഉദ്യോഗാർത്ഥികൾ കൃഷി ഡയറക്ടറേറ്റിലെ റിക്കോർഡ് സെക്ഷനിൽ രാവിലെ 10.00 മണിയ്ക്ക് ഹാജരാകേണ്ടതാണ്.
3. ഉദ്യോഗാർത്ഥികൾ കൃത്യമായും മാസ്ക് ധരിച്ചിരിക്കേണ്ടതും ഓഫീസിൽ പ്രവേശിക്കുന്നതിന് മുമ്പായി കൈകൾ സാനിട്ടൈസർ കൊണ്ട് കഴുകേണ്ടതുമാണ്.
4. ഊഴമനുസരിച്ച് അഭിമുഖത്തിന് ഹാജരാകുവാൻ അറിയിപ്പ് ലഭിക്കുമ്പോൾ മാത്രമെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ ചേമ്പറിലേക്ക് പ്രവേശിക്കാൻ പാടുള്ളൂ.
5. ഉദ്യോഗാർത്ഥികളിൽ ആരെങ്കിലും കോവിഡ്-19 അസുഖബാധിതരോ. നിരീക്ഷണത്തിലോ ആണെങ്കിൽ ആ വിവരം ബന്ധപ്പെട്ടവർ രേഖാമൂലം മുൻ കൂട്ടി krishidirector@gmail.com എന്ന മെയിലിൽ അറിയിക്കേണ്ടതാണ്. ടി ഉദ്യോഗാർത്ഥികൾക്കുള്ള അഭിമുഖ തീയതി പിന്നീട് അറിയിക്കുന്നതാണ്. ഇവർ അഭിമുഖത്തിന് ഹാജരാകേണ്ടതില്ല.
6. Critical containment zone / Containment zone ൽ നിന്നുള്ളവർ ഹാജരാകേണ്ടതില്ല. അവർ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപന മേധാവിയിൽ നിന്നുള്ള സർട്ടിഫിക്കറ്റ് krishidirector@gmail.com എന്ന ' മെയിലിൽ 09.09.2020 തീയതിക്ക്മുമ്പായി ഈ കാര്യാലയത്തിലേക്ക് ലഭ്യമാക്കേണ്ടതാണ്. ടി ഉദ്യോഗാർത്ഥികൾക്കുള്ള അഭിമുഖ തീയതി പിന്നീട് അറിയിക്കുന്നതാണ്.
7. ഒറിജിനൽ രേഖ ഹാജരാക്കുന്നതിന് ഉദ്യോഗാർത്ഥികൾക്ക് മറ്റൊരു അവസരം നല്കുന്നതല്ല.

SA.26/08.